# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി9.1438/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി9.1438/2022 തീയ്യതി: 23/07/2022

## കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ എം.എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 24-06-2022 | 25-06-2022 |
| ശ്രീ.ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2022 | 30-06-2022 |
| ശ്രീമതി ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2022 | 04-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-06-2022 | 04-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എ.ജി.വിമലക്കുട്ടിയമ്മ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.പ്രദീപ്കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ബീമ എം. | സെക്രട്ടറി | 01-04-2020 | 27-10-2020 |
| ശ്രീ.വിനോദ്കുമാർ ഇ.ജി. | സെക്രട്ടറി | 28-10-2020 | 08-11-2020 |
| ശ്രീമതി ബീമ എം. | സെക്രട്ടറി | 09-11-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ ഇ.ജി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ മേരി ഫിലിപ്പ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിത്യ സി.പി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മഞ്ജുഷ | വെറ്ററിനറി സർജൻ | 01-04-2020 | 20-09-2020 |
| ഡോ.പ്രസീത ദേവ് | വെറ്ററിനറി സർജൻ | 21-09-2020 | 31-03-2021 |
| ശ്രീ.ബിജോയ് സേവ്യർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.മെറിൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 18-01-2021 |
| ഡോ.ഹേമ കർത്ത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-01-2021 | 31-03-2021 |
| ഡോ.ആഷ പി.നായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 28-01-2021 |
| ഡോ.നെസ്സി. കെ.ജെ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 29-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.രാജി എസ്.മണി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-10-2020 |
| ശ്രീമതി രമ്യ റ്റി.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-10-2020 | 01-11-2020 |
| ശ്രീ.സോണി എൻ. രാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 16-02-2021 |
| ശ്രീ.ബ്ലസി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 17-02-2021 | 31-03-2021 |
| ശ്രീമതി ലിബിൻ ജേക്കബ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി സവിത എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ഡോ.മഹേഷ് ബാബു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 14-01-2021 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 15-01-2021 | 05-03-2021 |
| ഡോ.രാഖി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 06-03-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Smitha G Nair (Asst. Audit Officer, On 02-07-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 02-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Bineeth Rajan (Auditor, On 30-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Smitha G Nair (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Beenakumari T V (Auditor, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Smitha G Nair (Asst. Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Beenakumari T V (Auditor, On 04-07-2022)<br>Last Updated By: Beenakumari T V (Auditor, On 04-07-2022) | 1-10 |
| 11 | ILGMS സോഫ്റ്റ്‌വെയർ -അവലോകനം<br>Written By: Bineeth Rajan (Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-11 |
| 12 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-വിശകലനം<br>Written By: Bineeth Rajan (Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-12 |
| 13 | ILGMS Outdoor Collection Controll Account ൽ 31519/- രൂപ അവശേഷിക്കുന്നു<br>Written By: Beenakumari T V (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-13 |
| 14 | മാനുവൽ രസീത് ബുക്കുകളുടെ ഉപയോഗം--അപാകതകൾ ശ്രദ്ധിയ്ക്കേണ്ടതാണ്.<br>Written By: Beenakumari T V (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-14 |
| 15 | വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Bineeth Rajan (Auditor, On 01-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-15 |
| 16 | വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി അടവാക്കുന്നത് - | 1-16 |

| | | |
|---|---|---|
| | സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Bineeth Rajan (Auditor, On 01-07-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 04-07-2022) | |
| 17 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Beenakumari T V (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-17 |
| 18 | ലേല നടപടികൾ--തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Beenakumari T V (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-18 |
| 19 | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ മരം മുറിച്ച് നീക്കൽ - ചെലവായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Bineeth Rajan (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-19 |
| 20 | അംഗനവാടികൾക്ക് വാട്ടർകണക്ഷൻ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Bineeth Rajan (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-20 |
| 21 | പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-21 |
| 22 | വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-22 |
| 23 | കന്നുകുട്ടി പരിപാലനം - അവലോകനം<br>Written By: Sumesh P V (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-23 |
| 24 | മൽസ്യകൃഷി - ഇൻഷ്വർ ചെയ്യുതിന്റെ രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-24 |
| 25 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-25 |
| 26 | പ്രാവട്ടം ബോട്ട് ജെട്ടി റോഡ് ഓട നിർമ്മാണം- അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-26 |
| 27 | പോത്തൻ കോളനി സംരക്ഷണം-കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയില്ല- കരാറുകാരന്റെ ഫൈനൽ ബിൽ നൽകി<br>Written By: Smitha G Nair (Asst. Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-27 |
| 28 | തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ്- പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-28 |
| 29 | പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല- കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കാനുള്ള കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല.<br>Written By: Smitha G Nair (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-29 |
| 30 | പൊതുകിണർ നവീകരണം- കിണർ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-30 |
| 31 | സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മലിനജലം കെട്ടിക്കിടക്കുന്നത് സംബന്ധിച്ച | 1-31 |

| | | |
|---|---|---|
| | പരാതി നാളിതുവരെ പരിഹരിക്കപ്പെട്ടില്ല.<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | |
| 32 | പക്ഷിപ്പനി -പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: Bineeth Rajan (Auditor, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 1-32 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -തിരികെ ലഭ്യമാക്കിയ മിച്ചതുക പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നു.<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-33 |
| 34 | ലൈഫ് ഭവനപദ്ധതി - അവലോകനം<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-34 |
| 35 | അഗതിരഹിത കേരളം പദ്ധതി- 300000/-രൂപയുടെ പദ്ധതിവിഹിതം ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു.<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-35 |
| 36 | കോവിഡ് ചെലവുകൾ -അവലോകനം<br>Written By: Sulatha.D (Audit Officer, On 04-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sumesh P V (Asst. Audit Officer, On 29-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിനിയോഗവിവരം.<br>Written By: Sumesh P V (Asst. Audit Officer, On 02-07-2022)<br>Last Updated By: Sumesh P V (Asst. Audit Officer, On 02-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer, On 02-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sumesh P V (Asst. Audit Officer, On 29-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 30-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sumesh P V (Asst. Audit Officer, On 29-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sumesh P V (Asst. Audit Officer, On 29-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Sumesh P V (Asst. Audit Officer, On 29-06-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sumesh P V (Asst. Audit Officer, On 29-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.03.2020 തീയതിയിലെ 3-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 09.02.21തീയതിയിലെ 1/7-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3392063 | 18938360 |
| വരവ് | 135942187 | 56787426.5 |
| ആകെ | 139334250 | 75725786 |
| ചെലവ് | 136737351 | 64565628 |
| നീക്കിയിരിപ്പ് | 2596899 | 11160158.5 |

## 1-2 വാർഷികധനകാര്യപത്രിക

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 125837415/- രൂപയും ചെലവ് 137463496/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 11626081 /- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലെ മുന്നിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിലുള്ള മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയ ഫണ്ടുകളുടെ മുന്നിരിപ്പിന്റെ വിശദാംശം എ.സി.ആറിൽ ലഭ്യമല്ല.
3. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ആകെ 5629600 രൂപ മാത്രമാണ് ഭൂമിയുടെ മൂല്യമായി 31/03/2021 വരെ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.
5. 2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴുവനായും 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
6. 31/03/2021 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 16856 /- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല. നിലവിലുള്ള കുത്തകക്കാർ എല്ലാം വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
7. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി

പൊരുത്തപ്പെടുന്നില്ല.

8. പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് ബ-18 ഡെപോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.

9. Capital Work In Progress ശീർഷകത്തിൽ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2020-21 ൽ ഒരു പ്രവൃത്തി പോലും ആസ്തിയായി ക്രമീകരിച്ചിട്ടില്ല. പാർട്ട് ബിൽ നൽകുന്ന ആസ്തികളുടെ വിവരവും ഫൈനൽ ബിൽ ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ 2020-21 ൽ Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ട 1182297/- രൂപ പാർട്ട് ബിൽ പ്രകാരമുള്ളതാണോ എന്നത് വ്യക്തമല്ല.

10.2020-21 വർഷത്തെ പ്രോജക്ട് ചെലവുകളിൽ ചിലത് കൃത്യമായ ശീർഷകങ്ങളിൽ ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്ട് ചെലവുകളുടെ വർഗ്ഗീകരണം സുലേഖ ചെലവ് പത്രികയിലുള്ളത് വാർഷിക കണക്കിൽ കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

11.തൊഴിൽ നികുതി ഡി സി ബി കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

12.വായ്പ /വായ്പ തിരിച്ചടവ് കണക്കുകൾ വാർഷികധനകാര്യപത്രിക ,ലോൺ രജിസ്റ്റർ ,സുലേഖ പത്രിക പ്രകാരമുള്ള തിരിച്ചടവ് എന്നിവ പൊരുത്തപ്പെടുന്നില്ല.

13. വാടക ഡി സി ബി കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

14.B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള Improvement Of The Local Self Governments – Electronic Voting Machine –
എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 900000/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

15.എം ജി എൻ ആർ ജി എസ് കാഷ് ബുക്ക് പ്രകാരമുള്ള വരവ്ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

16.ശുചിത്വ മിഷൻ വരവ് ചെലവ് കണക്കുകൾ ബി 4 ഫണ്ട് രജിസ്റ്റർ ,വാർഷിക ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

17.പദ്ധതി ചെലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ബാധകമല്ലാത്ത ശീർഷകങ്ങളിലും തുകകൾ അക്കൗണ്ട് ചെയ്തിരിക്കുന്നു.ഉദാഹരണമായി ബഡ്സ് സ്കൂളുകൾ നിലവിൽ പഞ്ചായത്തിൽ ഇല്ലെങ്കിലും ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

18.ILGMS ൽ തയ്യാറാക്കിയ ട്രെയൽ ബാലൻസ് സ്റ്റേറ്റ് മെന്റ് കൃത്യത ഉറപ്പ് വരുത്താതയാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-2-1

1. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയും AIMS സോഫ്റ്റ് വെയർ മുഖേന ഈ സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| Receipts & Payments Statement | | |
|---|---|---|
| Head | ഓഡിറ്റ് ചെയ്ത AFS പ്രകാരം | AIMS മുഖേന ഇ-സബ്മിറ്റ് ചെയ്ത AFS പ്രകാരം |
| RP -33 Deposits – Receipts | 165242 | 164242 |

| | | |
|---|---|---|
| Received<br>(340000000) | | |
| RP -35<br>Other Liabilities - Receipts<br>(350000000) | 1127534.5 | 562400.50 |
| RP -21<br>Grant Contribution S And Compensation From Own Fund<br>(340000000) | 15000 | 274270 |
| RP -33<br>Deposits Received-Payments<br>(340000000) | 80288 | 79288 |
| RP -35<br>Other Liabilities - Payments<br>(350000000) | 28298931 | 27733797 |

2. AIMS പ്രകാരം സബ്മിറ്റ് ചെയ്ത Income & Expenditure സ്റ്റേറ്റ്മെന്റിലെ Gross Surplus/Deficit Of Income Over Expenditure ൽ കാണിച്ചിട്ടുള്ള തുക 12855591/- രൂപ ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18938360 |
| ഓഡിറ്റ് വർഷത്തെ വരവ് | 56787426.5 |
| ആകെ | 75725786.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64565628 |
| നീക്കിയിരിപ്പ് | 11160158.50 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 157420 |
| | |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 11107125 | 11107125 | 11098281 | 8844 |
| വികസന ഫണ്ട് (എസ്.സി.പി) | | 4576793 | 4576793 | 3995563 | 581230 |
| വികസനഫണ്ട് (ടി.എസ്.പി) | | 272000 | 272000 | 182055 | 89945 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | | 4068000 | 4068000 | 4059686 | 8314 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | | 3492000 | 3492000 | 3084126 | 407874 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | | 8196774 | 8196774 | 7361880 | 834894 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | | 4330000 | 4330000 | 988075 | 3341925 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 1136840 | 1436840 | 1436840 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | 405000 | 1005000 | 405000 | 60000 |
| ഐ സി ഡി എസ് സെന്ട്രൽ ഷെയർ | 18537 | 598782 | 617319 | 499258 | 118061 |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ജി ഒ (ആർ റ്റി) 4444/20120/ഫിൻ 3/08/20 പ്രകാരം അനവദിച്ചമെയിന്റൻസ് ഗ്രാന്റിന്റെ രണ്ടാം

ഗഡുവിൽ നിന്ന് 35319 രൂപ വോട്ടിങ്ങ് മെഷീൻ വാങ്ങുന്നതിന് ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിലും 35319 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആറുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷികപദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22-6-20ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 28-1-21-ലെ 80898/20/DPC/DPO/KTM നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു. കോവിഡ് സാഹചര്യം നിലനിന്നിരുന്നതിനാൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിനുവേണ്ടിയുള്ള പ്രത്യേക ഗ്രാമസഭകളും ഗുണഭോക്തൃഗ്രാമസഭകളും വാർഡുതലത്തിൽ ഫിസിക്കലായി നടത്തുവാൻ സാധിട്ടില്ല. എന്നാൽ ആസൂത്രണസമിതിയോഗവും വികസനസെമിനാറും ഉൾപ്പെടെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട മറ്റ് പ്രധാന പ്രവർത്തനഘട്ടങ്ങൾ ചുവടെ ചേർക്കുന്ന തീയതികളിൽ നടത്തുകയുണ്ടായി .

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 16-12-2019 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 14-1-20 |
| ബാലസഭ | 11-1-20 |
| ഊരുകൂട്ടയോഗം | 15-1-20 |
| മത്സ്യസഭ | 20-1-20 |
| ഭിന്നശേഷി ഗ്രാമസഭ | 20-1-20 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 1-3-20, 20-3-20 |
| വികസനസെമിനാർ | 2-3-20 |
| വാർഷികപദ്ധതി അംഗീകാരം | |
| ഡിപിസി അനുമതി നമ്പർ | ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 28-1-21ലെ 80898/20 |

| | |
|---|---|
| | /DPC?DPO/KTM<br>നമ്പർ ഉത്തരവ് |

2020-21വാർഷികപദ്ധതിയിൽ വിവിധ വികസനമേഖലകളിലായി 69 ല്ലിൽ ഓവർപ്രോജക്ടുകളും ആവിഷ്കരിച്ച 197 പ്രോജക്ടുകൾക്കാണ് ഡിപിസിയുടെ നിർവ്വഹണാംഗീകാരം ലഭിച്ചത് . എന്നാൽ പിന്നീട് വാലിഡേഷൻ ക്രമീകരണത്തിനായി വരുത്തിയ മാറ്റങ്ങൾ അനുസരിച്ച് പ്രോജക്ടുകളുടെ എണ്ണം 194 ആയി ചുരുക്കിയെങ്കിലും ഡിപിസിയുടെ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ വിവിധ സർക്കാർ ഗ്രാന്റുകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 58.56% മാത്രമാണ്. സംസ്ഥാന ബജറ്റ് വിഹിതത്തേക്കാൾ അധികതുക വാർഷിക പദ്ധതിക്ക് വകയിരുത്തിയതും വർഷാന്ത്യം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട 62 ബില്ലുകൾ ക്യൂലിസ്റ്റിലായതുമാണ് വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് കുറഞ്ഞു പോകാനിടയായത്.

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് വിവരം

വാർഷിപദ്ധതിയുടെ നിർവ്വഹണചുമതല 14 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ച് നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ളവ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 5390000 | 2793720 | |
| വെറ്ററിനറി സർജൻ | 8 | 8 | 3376800 | 2725645 | |
| എം.ഒ (പിഎച്ച് സി) | 6 | 5 | 2284263 | 1817463 | |
| എം.ഒ (ഹോമിയോ) | 1 | 1 | 30000 | 30000 | |
| എം.ഒ (ആയുർവേദം) | 3 | 3 | 263681 | 258374 | |
| വി ഇ ഒ | 18 | 12 | 1,89,53,904 | 7819744 | |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5 | 4665693 | 3680690 | |
| അസിസ്റ്റന്റ്സെക്രട്ടറി | 4 | 4 | 760000 | 654324 | |
| അസി.എൻജിനീയർ -എൽ എസ് ജി ഡി | 103 | 75 | 2,59,13,924 | 15945319 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 300000 | 83474 | |
| സെക്രട്ടറി | 34 | 25 | 5603172 | 3863737 | |
| | | | | | |
| ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 429000 | 136944 | |
| ആകെ | 194 | | 6,79,70,437 | 39809434 | |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 52.73 ലക്ഷം രൂപയിലധികം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

വിവിധ ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | തിരികെ |
|---|---|

| | എടുക്കപ്പെട്ടത് |
|---|---|
| വികസനഫണ്ട് ജനറൽ<br>വികസനഫണ്ട് എസ്.സി.പി. | 8844<br>581230 |
| വികസനഫണ്ട് ടി.എസ്.പി. | 89945 |
| സംരക്ഷണഗ്രാന്റ് റോഡ് | 8314 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4,07,874 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 8,34,894 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 33,41,925 |
| ആകെ തുക | 5273026 |

ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ മേൽ തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. പദ്ധതി രൂപീകരണ ,നിർവ്വഹണനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വികസനപദ്ധതികൾക്കായി ലഭ്യമാക്കുന്ന സർക്കാർ ധനസഹായം പരമാവധി വിനിയോഗിക്കുന്നതിനുള്ള നടപടികൾ തുടർവർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 231പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 231 പദ്ധതികളിൽ 171എണ്ണം പൂർത്തീകരിച്ചു. തൻവർഷം 39426തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 64.11ആണ്. 615കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. വൃക്ഷത്തൈ നഴ്സറി സംരക്ഷണം, കാലിത്തൊഴുത്ത് നിർമ്മാണം,റോഡ് കോൺക്രീറ്റിങ്ങ് ജലസംരക്ഷണപ്രവർത്തികൾ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വരവുചെലവ് കണക്കുകളുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്ക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 129850.8 | 17726637 | 17856487.8 | 17699383 | 157104.8 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16405970 | 16405970 | 16405970 | 0 |
| ആകെ | 129850.8 | 34132607 | 34262457.8 | 34105353 | 157104.8 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13680 | 19 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10884900 | 592 |
| വിധവാപെൻഷൻ | 11207800 | 609 |
| വാർദ്ധക്യകാലപെൻഷൻ | 29625900 | 1341 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 693300 | 37 |
| വികലാംഗപെൻഷൻ | 5071900 | 266 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2022 തീയതിയിൽ 3 .30 പി എം-ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12533/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. വൗച്ചറുകൾ വൃത്തിയായി ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ 16-9-2020മുതൽ ILGMSസംവിധാനം നിലവിൽ വന്നു. നികുതി കുടിശിക വരവുകൾ ഈൗടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കണിശതയോടെ നിരീക്ഷിച്ച് വരുന്നു. റവന്യൂ റിക്കവറി നടപടികളിലൂടെ ഉൾപ്പെടെ ആകെയുള്ള 15വാർഡുകളിൽ 14 വാർഡുകളിലും 100ശതമാനം നികുതി പിരിവ് കൈവരിക്കാനായിട്ടുണ്ട്. ആയതിന് ഇൻസെന്റീവിനത്തിൽ 262076/- രൂപയും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പടർന്നുപിടിച്ച പക്ഷിപ്പനി പ്രതിരോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ള സാഹചര്യങ്ങളിൽ കരാർ ലംഘനത്തിന് കരാറുകാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിൽ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ കാര്യക്ഷമമായ ഇടപെടലുണ്ടായിട്ടുണ്ട്. കാർഷിക മേഖലയായ ഗ്രാമപഞ്ചായത്തിൽ വലിയ തുക മുടക്കി നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ആയത് കർഷക സമിതികൾക്ക് കൈമാറി അവർ മുഖാന്തിരം കർഷകർ കൈപ്പറ്റുന്നത് വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 14.06.2022 | 7/21-12/21 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 27.02.2018-09.03.2018 | 2012-13 മുതൽ 2016-17വരെ | LBA(HQ)II/8A-2720/382 /12.04.2018 |

## 1-11 ILGMS സോഫ്റ്റ്‌വെയർ -അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിങ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി 2020-21 വർഷം മുതൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്.വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവരസാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ്‌വെയർ വിഭാവനം ചെയ്യുന്നത്.നിലവിൽ ഉപയോഗിച്ച് വരുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ ഒറ്റ ലോഗിനിൽ ലഭ്യമാക്കുകയും സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ച് വരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാനും ഇതിലൂടെ ലക്ഷ്യമാക്കുന്നു.നിയമാനുസൃതമായും സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതൊരു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളാക്കി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനും ലക്ഷ്യമിട്ടാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാന്വലായും നടത്തിയിരുന്ന പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഒറ്റ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിനാണ് ILGMS ഓൺലൈനായി പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 2020-21 വർഷം 16.09.2022 തീയതി മുതലാണ് നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ ILGMS ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും(Version & Effect Date), നിയന്ത്രണങ്ങൾ(Controls), മുൻഗണനകൾ(Previlages), ഡേറ്റാബേസുകൾ(Database) തുടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്‌വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

## 1-12 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-വിശകലനം

നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 16.09.2020 തീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 15/09/2020 വരെയുള്ള

ഇടപാടുകൾ സാംഖ്യയിലും 16/09/2020 മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ തുടക്ക ബാലൻസ് ഷീറ്റ് (Initial Balance Sheet) 01/04/2020 മുതൽ 15/09/2020 വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. Other Construction, Bridge എന്നീ ആസ്തികൾ Footbridge എന്ന പേരിലാണ് ILGMS-ലെ ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
3. മറ്റ് ജംഗമ ആസ്തികൾ(Other Movable Assets) കമ്പ്യൂട്ടർ മുതലായ ഐ.ടി. ആസ്തികൾ എന്ന ശീർഷകത്തിലാണ് ILGMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
4. തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രൊഫഷണൽ) എന്നിവയുടെ അക്രുവൽ ശീർഷകവും, വരവ് ആസ്തി ശീർഷകവും ILGMS-ൽ ഓരോ കാറ്റഗറിക്കും പ്രത്യേകം ശീർഷകമായപ്പോൾ ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ വർഗ്ഗീകരണവും കണക്കും സൂക്ഷിക്കാതിരുന്നതിനാൽ വർഗ്ഗീകരിച്ച് അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ല.
5. പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ് എന്ന് കാണുന്നു. ഉദാഹരണമായി ഗ്രാമപഞ്ചായത്തിന്റെ നടത്തിപ്പിൽ ബഡ്സ് സ്കൂളുകൾ നിലവില്ലെങ്കിലും ബഡ്സ് സ്കൂൾ ചെലവിനത്തിലുള്ള തുക അക്കൗണ്ട് ചെയ്തിരിക്കുന്നു.
6. മേഖലാടിസ്ഥാനത്തിൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരുന്ന പ്ലാൻ ചെലവുകൾ അതാത് മേഖലാടിസ്ഥാനത്തിൽത്തന്നെ ILGMS-ൽ അക്കൗണ്ട് ചെയ്തിട്ടില്ല.
7. സാംഖ്യയിൽ മെയിന്റനൻസിനായുള്ള പ്രോജക്ട് ചെലവുകളായി അക്കൗണ്ട് ചെയ്തിരുന്നത് പശ്ചാത്തല മേഖലയിലെ റവന്യൂ ചെലവായിട്ടാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
8. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-4-20 മുതൽ 15-9-2020 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ (ആകെ വരവ് /ചെലവ് ) പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാകുമ്പോൾ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 15-9-2020 ലെ റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ,ബാലൻസ് ഷീറ്റ് എന്നിവ തുല്യമാകേണ്ടതാണ്.ഇവ പരിശോധിച്ചതിൽ വ്യത്യാസം കാണുന്നു.

RECEIPT& PAYMENT

| Item | ILGMS<br>15-9-2020 | LOCAL SAMKHYA<br>15-9-2020 |
|---|---|---|

| | | |
|---|---|---|
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | 20467936 | 20411406 |

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

INCOME & EXPENDITURE

| Item | ILGMS 15-09-2020 | LOCAL SAMKHYA 15-09-2020 |
|---|---|---|
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ് | 27482723 | 27472123 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവ് | 25092951 | 22484558 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള Gross Surplus | 2389772 | 4987565 |

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

BALANCE SHEET

| | ILGMS 15-09-2020 | LOCAL SAMKHYA 15-09-2020 |
|---|---|---|
| ബാലൻസ് ഷീറ്റ് ആസ്തി ബാധ്യത | 50312285 | 50255755 |

Grants ,Funds & Contributions For Specific Purposes (320000000) എന്ന ശീർഷകത്തിൽ 56530/- രൂപയുടെ വ്യത്യാസം .

മേൽ പറഞ്ഞ പത്രികകളിലെ ഡാറ്റാ എൻട്രിയിലുണ്ടായ വ്യത്യാസം വാർഷികകണക്കിന്റെ തുടർച്ചയേയും കൃത്യതയേയും ബാധിക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച മറ്റ് അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

1-13 ILGMS Outdoor Collection Controll Account ൽ 31519/- രൂപ അവശേഷിക്കുന്നു

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള രസീത് പരിശോധനയിൽ ILGMS Outdoor Collection Controll Account ൽ 31519/- രൂപ Closing Balance കാണുന്നു. Ledger പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | രസീത് ബുക്ക് നം | രസീത് ബുക്ക് പ്രകാരം Controll Account ൽ അടച്ച തുക |
|---|---|---|
| 01.12.2021 | 61563 | 85 |

| | | |
|---|---|---|
| 08.12.2021 | 22379 | 5459 |
| 20.01.2022 | 22381 | 24998 |
| 10.02.2022 | 22381 | 977 |
| ആകെ | | 31519 |

ഓഡിറ്റ് എൻക്വയറി നം.9/30.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ Pending Task Option മുഖാന്തിരം ജേർണൽ എൻട്രി ചെയ്ത് ടി അപാകത പരിഹരിയ്ക്കുന്നതാണെന്ന് അറിയിച്ചു. 2021-22 വർഷത്തെ വാർഷിക കണക്കുകളിൽ ടി അക്കൗണ്ട് ഹെഡ് ഉൾപ്പെടാതിരിയ്ക്കുന്നതിന് അടിയന്തിരമായി അപാകത പരിഹരിയ്ക്കേണ്ടതും രേഖാമൂലം മറുപടി നൽകേണ്ടതുമാണ്.

1-14 മാനവൽ രസീത് ബുക്കുകളുടെ ഉപയോഗം--അപാകതകൾ ശ്രദ്ധിയ്ക്കേണ്ടതാണ്.

01.04.2021 മുതൽ 31.03.2022 വരെയുള്ള രസീത് ബുക്കുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്.
1) നീണ്ടൂർ കൃഷി ഓഫീസർക്ക് അനുവദിച്ചിരിയ്ക്കുന്ന 61564 നമ്പർ രസീത് ബുക്ക് 1-52 വരെ രസീത് നമ്പരുകൾ ഉപയോഗിച്ചിട്ടുണ്ട്. 53 മുതൽ രസീത് ലീഫുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിയ്ക്കുന്നു.
2)വെറ്ററിനറി സർജൻ, കൈപ്പുഴ പേർക്ക് അനുവദിച്ച 22375 നമ്പർ രസീത് ബുക്ക് ലീഫ് നം.33 മുതൽ ഉപയോഗിക്കാതെയും ക്യാൻസൽ ചെയ്യാതെയും സൂക്ഷിച്ചിരിയ്ക്കുന്നു.
3) ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് അനുവദിച്ച 22380 നമ്പർ രസീത് ബുക്ക് One Side Carbon ഉപയോഗിച്ച് രസീത് ലീഫുകളിൽ രേഖപ്പെടുത്തൽ നടത്തിയിരിയ്ക്കുന്നു.
4) വി.ഇ.ഒ.ക്ക് അനുവദിച്ച 22382 നമ്പർ രസീത് ബുക്ക് One Side Carbon ഉപയോഗിച്ച് രസീത് ലീഫുകളിൽ രേഖപ്പെടുത്തൽ നടത്തിയിരിയ്ക്കുന്നു.

ഉപയോഗിക്കാത്ത രസീത് ലീഫുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതും, പൂർണ്ണമായും ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തിരികെ സ്റ്റോക്കിൽ ചേർത്ത് ഇഷ്യൂ ചെയ്യേണ്ടതും, രസീതുകളിൽ Double Side Carbon ഉപയോഗിച്ച് രേഖപ്പെടുത്തൽ നടത്തേണ്ടതുമാണ്.

1-15 വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് "വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ" എന്ന ഉപയോഗക്രമത്തിലാണ്

| ക്രമനമ്പർ | കെട്ടിടനമ്പർ | ഉടമസ്ഥത |
|---|---|---|
| 1 | 2/184 | സെക്രട്ടറി ,നീണ്ടൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 2 | 3/294,3/294 A,B | സെക്രട്ടറി ,സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 2641 |
| 3 | 8/102 | സെക്രട്ടറി ,കൈപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 3973 |
| 4 | 12/313 | സെക്രട്ടറി ,കൈപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 5 | 14/313 | സെക്രട്ടറി ,കൈപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 6 | 15/130 | സെക്രട്ടറി ,നീണ്ടൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |

| | | |
|---|---|---|
| 7 | 15/342 | സെക്രട്ടറി ,നീണ്ടൂർ മിൽക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് സൊസൈറ്റി |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/28.06.2022) ലഭ്യമാക്കിയ മറുപടിയിൽ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.മേൽ കെട്ടിടങ്ങളുടെ കൃത്യമായ ഉപയോഗക്രമം ഉറപ്പ് വരുത്തി ആവശ്യമെങ്കിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി അടവാക്കുന്നത് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 ലെ സ ഉ (എം എസ്) നം 231/15/തസ്വഭവ പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർത്ത് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നു.വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ നടത്തിയ പരിശോധനയിൽ മേൽ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/28.06.2022) ലഭ്യമാക്കിയ മറുപടിയിൽ 2021-22 മുതൽ കെട്ടിട നമ്പർ അനുവദിക്കുന്നതിന് ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ട്.സർക്കാർ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.

## 1-17 വാടക കുടിശ്ശിക നിലനിൽക്കുന്നു

1) 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| വാടകക്കാരന്റെ പേര് | റൂം നം. | വാടക നിരക്ക് (P/m) (ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കാത്ത മാസങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| ഷൈജ മനോഹരൻ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ്(പുതിയത്) റൂം. നം.3 | 6018 | 09/20, 10/20, 11/20, 02/21, 03/21 | 30090 |
| ഇ.കെ.തങ്കച്ചൻ | ഫിഷ് മാർക്കറ്റ് സ്റ്റാൾ, കൈപ്പുഴ, റൂം.നം.3 | 11918 | 11/20, 12/20, 1/21,02/21, 03/21 | 59590 |
| ലതാ തങ്കപ്പൻ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ്(മെയിൻ) | 4164 | 20-21 സാമ്പത്തിക | 49968 |

| | | | | |
|---|---|---|---|---|
| | റൂം. നം.6 | | വർഷം | |
| അനീഷ് പി.മോഹൻ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ്(മെയിൻ) റൂം. നം.19 | 4902 | 10/20,11/20, 12/20, 1/21,02/21, 03/21 | 29412 |
| | | ആകെ | | 169060 |

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 1,69,060/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. എന്നാൽ 20-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷ കുടിശ്ശിക 12,327/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.8/30.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഡിമാന്റ് കണക്കുകൂട്ടിയപ്പോൾ ഉണ്ടായ പിശക് മൂലമാണ് തൻവർഷ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ടായതെന്ന് മറുപടി ലഭ്യമാക്കി.

വാടകകുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ടി കുടിശ്ശിക കൂടി ഡിമാന്റ് ചെയ്യേണ്ടതും രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-18 ലേല നടപടികൾ--തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താഴെ ചേർക്കും പ്രകാരം ലേല നടപടികൾ ആരംഭിക്കുന്നതിനായി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) 22.01.2020 ലെ അജണ്ട-1, തീരുമാനം നം.11—തൃക്കേൽ സ്റ്റേഡിയത്തിലെ സ്റ്റേജ് പൊളിക്കൽ എന്ന പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച വസ്തുക്കളുടെ ലേലം.

2) 18.03.2020 ലെ അജണ്ട-12, തീരുമാനം നം.1—കരികുളം ആഴം കൂട്ടി വൃത്തിയാക്കുന്ന സമയം കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണ് കുളത്തിനോട് ചേർന്ന് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ലേലം.

3) 04.09.2020 ലെ അജണ്ട-7, തീരുമാനം നം.1—നീണ്ടൂർ ആയുർവേദ ആശുപത്രി വളപ്പിലെ തേക്ക് മരം വെട്ടി മാറ്റിയത് ലേലം ചെയ്യുന്നത്.

4) 20.10.2020 ലെ അജണ്ട-1, തീരുമാനം നം.13-വെറ്ററിനറി ഹോസ്പിറ്റൽ കോംമ്പൌണ്ടിൽ നിന്നിരുന്ന ഉണങ്ങിയ വാകമരം .

ഓഡിറ്റ് എൻക്വയറി നം.12/30.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ.നം.3, 4 എന്നിവയ്ക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മേൽ വിവരിച്ച മുഴുവൻ പ്രവൃത്തികളുടെയും ലേലം നടത്തി, പഞ്ചായത്ത് ഫണ്ടിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-19 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ മരം മുറിച്ച് നീക്കൽ - ചെലവായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ 21.07.2020 ലെ 1(2) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ 15-)ം വാർഡിൽ ശ്രീ സുദേവൻ പതാരപ്പള്ളിൽ എന്ന വ്യക്തിയുടെ പുരയിടത്തിൽ ,അയൽവാസിയായ ശ്രീ ലൂക്ക കെ എൽ എന്നയാളുടെ വീടിന് അപകടകരമായി നിന്ന ആഞ്ഞിലി മരം നീക്കം ചെയ്യുന്നതിന് ശ്രീ സുദേവൻ പതാരപ്പള്ളിക്ക് നിയമാനുസൃത നോട്ടീസ് നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് തീരുമാനിച്ചിരുന്നു.ആയതിലേക്കായി 12000/- രൂപ വൗച്ചർ നം 140052/08.10.2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.മേൽ കമ്മറ്റി തീരുമാനത്തിൽ മരം നീക്കം ചെയ്യുന്നതിന് വരുന്ന എല്ലാ ചെലവുകളും ശ്രീ സുദേവൻ പതാരപ്പള്ളിയിൽ നിന്നും നിയമാനുസൃതം കണ്ടുകെട്ടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/30.06.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ആയത് തീർപ്പാകുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നറിയിച്ചു.സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ മരം മുറിച്ച് നീക്കിയതിനായി തനത് ഫണ്ടിൽ നിന്നും ചെലവായ തുക ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അംഗനവാടികൾക്ക് വാട്ടർകണക്ഷൻ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ വിവിധ അംഗനവാടികൾക്ക് വാട്ടർകണക്ഷൻ എന്ന പ്രോജക്റ്റിനായി (പ്രോജക്റ്റ് നം 112/19) 16000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു. 30.07.2020 ലെ DB2 *PHDK* 1649 18 നമ്പർ കത്ത് പ്രകാരം മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 21000/- ആയതിനാൽ 6000/- രൂപ അധികമായി അടവാക്കാൻ ആവശ്യപ്പെട്ടിട്ടിരുന്നു. ചെക്ക് നം 683873/16.11.2020 പ്രകാരം മേൽ തുക തനത് ഫണ്ടിൽ നിന്നും സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ എസ്റ്റിമേറ്റ് തുകയായ 21000/- ന് അധികമായി 1000/- രൂപ കൂടി ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/30.06.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും സാക്ഷ്യപത്രം ലഭിക്കുമ്പോൾ ചെലവഴിച്ച തുകയിൽ അധികമായി കൈമാറിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ മേൽ പ്രോജക്റ്റിനായി ചെലവഴിച്ച 6000/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ എസ്റ്റിമേറ്റിൽ അധികരിച്ച് കൈമാറിയ തുക ക്രമീകരിക്കേണ്ടതാണ്.

## 1-21 പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കായി കെ എസ് ഇ ബിയിൽ താഴെപ്പറയും പ്രകാരം തുകകൾ നിക്ഷേപം നടത്തിയതായി കാണുന്നു.

| ക്രമനമ്പർ | വൗച്ചർ /ചെക്ക് നമ്പർ | തുക | അധികവിവരങ്ങൾ |
|---|---|---|---|
| 1 | 683849/29.09.2020 | 17171/- | വാർഡ് 2 ലെ 126/6,125/5 പോസ്റ്റുകൾ |
| 2 | 683867/05.11.2020 | 15890/- | വാർഡ് 8 ലെ എൽ റ്റി പോസ്റ്റ് |
| | ആകെ | 33061 | |

മേൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/30.06.2022) ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കായി ചെലവഴിച്ച 33061 രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 8/20-21 |
| പ്രോജക്റ്റിന്റെ പേര്, ഫണ്ടിനം | മുട്ടക്കോഴി വളർത്തൽ (വനിത) . |

| | |
|---|---|
| | വികസനഫണ്ട് ( ജനറൽ) |
| ചെലവ് | 60000/- |
| ബിൽ നമ്പർ , തീയതി | 5,6/20-21 , 9.11.20 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെടുന്ന 244 ഗുണഭോക്താക്കൾക്ക് 10 മുട്ടക്കോഴി വീതം നൽകിയതിന് 60 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 120, സബ്സിഡി 600 രൂപ). തൻവർഷം 100 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. 144 ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം സ്പിൽ ഓവറായി അടുത്ത വർഷമാണ് നൽകിയത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| 1 | മിനി മാത്യു ഒഴുവക്കണ്ടത്തിൽ | 6 |
| 2 | രജനി ഷാജി കളപ്പുരക്കൽ | 2 |
| 3 | അജികുര്യൻ, മടപ്പള്ളികുന്നേൽ | 6 |
| 4 | വിജയമ്മഗോപി, കുര്യാറ്റേൽ | 12 |
| 5 | പ്രിയ എസ്, കിഴക്കേഒറ്റക്കാട്ടിൽ | 13 |
| 6 | ചിന്നമ്മ തേനാകരിയിൽ | 13 |
| 7 | സ്വപ്ന പി.എസ് , പാലത്തടത്തിൽ | 5 |
| 8 | സിന്ധു പി.റ്റി , പടിഞ്ഞാറെപാലത്തടത്തിൽ | 5 |

ടി ഗുണഭോക്താക്കൾക്ക് 5 ലക്ഷത്തിൽ താഴെയാണ് വാർഷിക വരുമാനമെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മാർഗ്ഗരേഖയിലെ ഖണ്ഡിക 2.14 പ്രകാരം റേഷൻകാർഡിലെ വരുമാനം നോക്കിയാണ് സബ്സിഡി അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ റേഷൻ കാർഡിൽ സൂചിപ്പിച്ചിരിക്കുന്നത് സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണപ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ മിനിമം അടിസ്ഥാന ശമ്പളം പോലും രേഖപ്പെടുത്താത്ത വരുമാനമാണ്. ഇത്തരം സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-23 കന്നുകുട്ടി പരിപാലനം - അവലോകനം

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/20-21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | കന്നുകുട്ടി പരിപാലനപദ്ധതി<br>വികസനഫണ്ട് (ജനറൽ) |
| ചെലവ് | 200000/-വികസനഫണ്ട്<br>200000/- തനത് ഫണ്ട് |
| ബിൽ നമ്പർ , തീയതി | 16/27.3.21<br>2727666/3.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി 32 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് 12500 രൂപയുടെ ആനുകൂല്യം നൽകാനായി തൻവർഷം 400000 രൂപ പിൻവലിച്ച് അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 310113 രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. വിനിയോഗ കാലയളവിന് ശേഷം പൂർണ്ണമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-24 മൽസ്യകൃഷി - ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 173/21 |
| പ്രോജക്ടിന്റെ പേര് , ഫണ്ടിനം | വീട്ടുവളപ്പിലെ മൽസ്യകൃഷി<br>വികസനഫണ്ട് (ജനറൽ) |
| ചെലവ് | 82486/- |
| ചെക്ക് നമ്പർ , തീയതി | 2727684/29.3.21 |

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-2021 വർഷം വീട്ടുവളപ്പിലെ മൽസ്യകൃഷി എന്ന പ്രോജക്ട് നടപ്പാക്കുകയും 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ,സ .ഉ. (സാധാ )നം . 1009/2020/ത സ്വ ഭ വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ സി .3/293/2020/ ത സ്വ ഭ വ / തീയതി : 12.10.2020] ഖണ്ഡിക - 8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ് . ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/29.06.22) ഇൻഷ്വർ ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശം ഫിഷറീസ് വകുപ്പിൽ നിന്ന് ലഭിച്ചില്ലെന്നാണ് മറുപടി നൽകിയത്. ഗുണഭോക്താക്കളുടെ സംരംഭത്തിന് ഇൻഷ്വർ പരിരക്ഷ നൽകാത്തത് ക്രമപ്രകാരമല്ല.അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

ക്ഷീര വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിനായി 2020-21 വർഷം വകയിരുത്തിയ തുകകളുടേയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 7/21കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 150000 ( വികസനഫണ്ട്- ജനറൽ) | 0 | 0 |
| 6/21 പാലിന് സബ്സിഡി | 150000 ( „) | 83474 | 55.64 |
| | 300000 | 83474 | 27.82 |

4.02.2018-ലെ സ.ഉ.(കൈ )നം. 22/2018/തസ്വഭവ - ഉത്തരവ് ഖണ്ഡിക 6.2.8 - പാലിന് സബ്സിഡി – പദ്ധതി പ്രകാരം ഒരു കർഷകന് ( ലിറ്ററിന് നാല് രൂപ നിരക്കിൽ-ഇതിൽ ക്ഷീര വികസന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പടെ ) നാല്പതിനായിരം രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 2020-21 വർഷം ആകെ 150000 വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 2020ഏപ്രിൽമുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് 18 ഗുണഭോക്താക്കൾക്കായി ആകെ 83474 രൂപ മാത്രമാണ് പാലിന് സബ്സിഡിയായി നൽകിയിട്ടുള്ളത്. കാലിത്തീറ്റ വിതരണത്തിനുള്ള പ്രോജക്ട് നടപ്പാക്കിയിട്ടുമില്ല.

നടപ്പാക്കിയ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ക്ഷീരസംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് , ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ളതിന്റെ വിശദമായ കണക്കുവിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല . ഗ്രാമപഞ്ചായത്തിൽ ഒന്നിലധികം ക്ഷീരസംഘങ്ങൾ ഉണ്ടെന്നിരിക്കെ ഒരു സംഘത്തിലെ ഗുണഭോക്താക്കൾക്കുമാത്രമായി ആനുകൂല്യം അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ- 24/4-7-22) മറുപടി ലഭ്യമായില്ല. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും പാലളവും കണക്കിലെടുത്ത് എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്യേണ്ടതാണ്. ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം നഷ്ടമാവുന്ന മേൽ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 പ്രാവട്ടം ബോട്ട് ജെട്ടി റോഡ് ഓട നിർമ്മാണം- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനിയർ

പ്രാവട്ടം ബോട്ട് ജെട്ടി റോഡ് ഓട നിർമ്മിക്കുന്നതിനായി രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു

| പ്രോജക്ട് നം | 190/21,പ്രാവട്ടം ബോട്ട്ജെട്ടി റോഡ് ഓട നിർമ്മാണം | 218/21, പ്രാവട്ടം ഓട നിർമ്മാണം |
|---|---|---|
| കരാറുകാരൻ | ജോർജ്കുട്ടി | ജാബിർ മേത്തർ |
| ചെലവ് | 382304 ബിൽ നം. 253/26.03.21 | 213222 ബിൽ നം. 291/30.03.21 |

ഫയൽ പരിശോധിച്ചതിലും സ്ഥല പരിശോധനയിലും കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു

മുഴുവൻ നീളത്തിലും ഓടയ്ക്ക് കവർ സ്ലാബ് നിർമ്മിച്ചിട്ടില്ല

190/21 എന്ന പ്രോജക്ട് പ്രകാരം 120m നീളത്തിൽ ഓട നിർമ്മിക്കുന്നതിനും ടോപ്പ് സ്ലാബ്

ഇടുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടി പ്രോജക്ടിന്റെ തുടർച്ചയായി 110 M നീളത്തിൽ ഓടനിർമ്മിക്കുന്നതിനാണ് 218/20 എന്ന പ്രോജക്ട് തയ്യാറാക്കിയിരുന്നത് 218/21 എന്ന പ്രോജക്ടിൽ ഓടയുടെ മുകൾ ഭാഗം മൂടുന്നതിനാവശ്യമായ സ്ലാബുകൾ ഇടുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനാവശ്യമായ പ്രോജക്ട് തുടർ വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുമില്ല എന്ന് 30/06/2022ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ആയത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2022-23വാർഷികപദ്ധതിയിൽ സ്ലാബ് നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്ട് പൂർത്തീകരണത്തിനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെ ഇപ്രകാരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. അസിസ്റ്റന്റ് എഞ്ചിനിയർ ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല

190/21 എന്ന പ്രോജക്ട് ആദ്യം കരാറെടുത്ത കരാറുകാരൻ ശ്രീ. ജറിൻ ജോർജ് പ്രവൃത്തി പൂർത്തിയാക്കാത്തതിനെ തുടർന്ന് ടിയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. (22/06/20 ലെ 6(1)) തീരുമാനം) നാളിതു വരെ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടില്ല. പ്രസ്തുത കരാറുകാരനെതിരെ പൊതുമരാമത്ത് ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 പോത്തൻ കോളനി സംരക്ഷണം-കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയില്ല- കരാറുകാരന്റെ ഫൈനൽ ബിൽ നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 131/221 |
| കരാറുകാരൻ | റെജി ജോസഫ് |
| കരാർ | 24/AE/LSGD /NDR/18-19 /5.12.18 |
| ചെലവ് | 86055<br>ബിൽ നം. 21/11.04.20 |

പോത്തൻ കോളനിയിൽ 20 M നീളത്തിൽ കരിങ്കൽ കെട്ടി അതിനു മുകളിൽ സോളിഡ് ബ്ലോക്ക് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ കരാറുകാരൻ കരിങ്കൽ കെട്ട് ഒഴിവാക്കി സോളിഡ് ബ്ലോക്ക് നിർമ്മാണം മാത്രമാണ് (5 6 എന്നീ ഇനങ്ങൾ മാത്രം) നടപ്പാക്കിയിട്ടുള്ളത് . പ്രവൃത്തി പൂർത്തിയാക്കാതെ പ്രോജക്ട് ക്ലോസ് ചെയ്യുകയാണുണ്ടായത് . എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും നിർവ്വഹിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. കരാർ പ്രകാരമുള്ള ഇനങ്ങൾ നിർവ്വഹിക്കാതെ ഫൈനൽ പേയ്മെന്റ് നടത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 21/01.07.22) എം പി ഫണ്ട് ഉപയോഗിച്ച് കരിങ്കൽകെട്ട് നടത്തിയതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫൈനൽ പേയ്മെന്റ് നടത്തിയതെന്ന് അറിയിച്ചു. ശരിയായ മുന്നൊരുക്കമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാലാണ് ഫണ്ടിന്റെ വിനിയോഗ ലക്ഷ്യം കൈവരിക്കാനാവാത്ത സാഹചര്യം ഉണ്ടാവുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ്- പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 177/21 |

| | |
|---|---|
| അടങ്കൽ | 480000(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 118359( ചെക്ക് നമ്പർ2727628/17.09.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ പ്രാവട്ടം പഴയ ബോട്ടുജെട്ടിയിൽ തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ടിനുവേണ്ടി തൻ വർഷം 118359 രൂപ ചെലവഴിച്ചിട്ടുണ്ട്. (മുൻ വർഷം മൊബിലൈസേഷൻ അഡ്വാൻസായി 120000 രൂപ നൽകിയിട്ടുണ്ട്) പ്രോജക്ട്നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കോണമിക്ക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിക്കുകയും 1/03/2019ൽ സ്ഥാപനവുമായി കരാർവയ്ക്കുകയും ചെയ്തു. ഡ്രെയിനേജിനും സംരക്ഷണഭിത്തി നിർമ്മാണത്തിനുമുൾപ്പെടെ 6ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സ്ഥാപനം സമർപ്പിക്കുകയും ആയതിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിന്റെയും പ്രാദേശിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്ലാന്റും ഡ്രെയിനേജിനും സംരക്ഷണഭിത്തി നിർമ്മാണത്തിനുമുൾപ്പെടെയുള്ള എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചതെങ്കിലും നാളിതുവരെ ഡ്രെയിനേജും സംരക്ഷണഭിത്തി നിർമ്മാണവും നടപ്പാക്കിയിട്ടില്ല.
2) 2018-19 വർഷം 6 ലക്ഷത്തിലധികം രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് നാളിതുവരെ പൂർത്തിയാക്കിയില്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം പൂർത്തികരണ കാലയളവ് ആറു മാസമാണ്. പ്രോജക്ടിനായി ലഭിച്ച എസ് ബി എം ഫണ്ട് നാളിതുവരെ ചെലവഴിച്ചിട്ടില്ല .

3)30.06.2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ നിർമ്മിക്കപ്പെട്ട പ്ലാൻറ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് കണ്ടു. പ്ലാന്റിനുള്ളിലും സമീപത്തും ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ട നിലയിലാണ്.
4) പ്രോജക്ട് ബാക്ടീരിയ എൻറിച്ച്ഡ് ഇനോക്കുലം രണ്ട് ലിറ്റർ നൽകിയതായി അളവുപുസ്തകത്തിൽ(നമ്പർ 243) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ കാലപ്പഴക്കത്താൽ ഇനോക്കുലം ഉപയോഗശൂന്യമാകുന്നതാണ്.
അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രാവട്ടം ബോട്ട് ജെട്ടി ഓട നിർമ്മാണത്തിനായുള്ള മെറ്റീരിയൽസ് കമ്പോസ്റ്റ് യൂണിറ്റിനോട് ചേർന്ന് സ്റ്റാക്ക് ചെയ്തതിനാലാണ് പ്രോജക്ടിലുൾപ്പെട്ട സംരക്ഷണഭിത്തി നിർമ്മാണം നടപ്പാക്കാൻ വൈകിയതെന്നും നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് 30/03/2022 ലെ കമ്മിറ്റി സോഷ്യോ എക്കോണമിക്ക് യൂണിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രോജക്ടിന്റെ നിർവ്വഹണോദ്യാഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കി

തുമ്പൂർമുഴി യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതിന് ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിറ്റിന്റെ പ്രവർത്തന ചുമതല കൊടുക്കാനും ഒരു ദിവസം ഒരു ആൾ ക്രമത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാവർക്കും യൂണിറ്റിന്റെ പ്രവർത്തനചുമതല കൈവരുന്നതിന് 24/09/2020ൽ കൂടിയ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇനോക്കുലം ഉപയോഗിച്ച് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തക്ഷമാക്കി ജൈവവളം നിർമ്മിയ്ക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 16/30.06.22) സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയില്ല.

കമ്പോസ്റ്റ് യൂണിറ്റിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശരിയായ നടപടിയല്ല. 2016 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പ്ലാസ്റ്ററിക്ക് വേസ്റ്റ് മാനേജ് മെന്റ് ചട്ടം ആറാം അധ്യായം

പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . കമ്പോസ്റ്റ് യൂണിറ്റിലും സമീപത്തും ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ നീക്കം ചെയ്ത് പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ നടപ്പാക്കേണ്ടതും ജൈവവളം നിർമ്മിക്കാൻ കമ്പോസ്റ്റ് യൂണിറ്റ് പ്രയോജനപ്പെടുത്തേണ്ടതുമാണ്. കംപോസ്റ്റ് യൂണിറ്റ് അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുന്നതു വരെ തൻവർഷം ചെലവഴിച്ച 118359 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല- കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കാനുള്ള കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്ത് വിവിധ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകൾ നാളിതുവരെ ആരംഭിക്കാത്തതിനാൽ കരാർ ലംഘനമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കാൻ കമ്മിറ്റി തീരുമാനിച്ചിരുന്നു.

| ക്രമ നമ്പർ | കമ്മറ്റി തീയതി | തീരുമാനം |
|---|---|---|
| 1 | 22.06.20 ലെ അജണ്ട1 തീരുമാനം10 | പ്രോജക്ട് നം 140/20 99ാം നമ്പർ അങ്കണവാടി അറ്റകുറ്റപണി എന്ന പ്രോജക്ട് നാളിതുവരെ ആരംഭിക്കാത്തതിനാൽ കരാറുകാരനായ ശ്രീ ജറിൻ ജോർജിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കാൻ തീരുമാനിച്ചു |
| 2 | 05.02.2020 അജണ്ട1 , തീരുമാനം 6 | 2019-20 ലെ സ്പിൽ ഓവർ പ്രവർത്തികളായ ആലുപറമ്പ് -പുലിപ്ര റോഡ് , പ്രോലേൽ താഴത്ത് കരി റോഡ് കോൺക്രീറ്റിങ്ങ് എന്നിവ നടപ്പാക്കാത്ത കരാറുകാരൻ ശ്രീ സുഹാസ് ആർ നെതിരെ തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു |
| 3 | 05.02.2020 അജണ്ട1 , തീരുമാനം 3 | 2019-20 സ്പിൽ ഓവർ പ്രോജക്ട് ആയ പോത്തൻ കോളനി നവീകരണം എന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ശ്രീ ഗോപാലകൃഷ്ണൻ അംബികാ മാർക്കറ്റ് എന്നയാൾ പ്രവൃത്തി ആരംഭിക്കാത്തതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടാൻ തീരുമാനിച്ചു |

| | | |
|---|---|---|
| 4 | 20.10.20അജണ്ട1 , തീരുമാനം 3 | പ്രോജക്ട് 40/21 ക്ലാക്കിയിൽ കല്ലുവേലിക്കടവ് റോഡ് ടാറിംങ്ങ് എന്ന പ്രവർത്തി എസ്റ്റിമേറ്റ് നിരക്കിൽ ക്വാട്ട് ചെയ്തിരുന്ന ശ്രീ റെജി ജോസഫ് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും പഞ്ചായത്തുമായി കരാറിലേർപ്പെടാതിരുന്നതിനാൽ ഇ എം ഡി കണ്ടുകെട്ടുന്നതിന് തീരുമാനിച്ചു. |

മേൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 20/01.07.22) നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കമ്മിറ്റി തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശരിയായ നടപടിയല്ല. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-30 പൊതുകിണർ നവീകരണം- കിണർ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 200/21, പ്രാവട്ടം പഞ്ചായത്ത് കിണർ അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | P J ജയിംസ് |
| ചെലവ് | 57115 (ബിൽ നം. 296/31.03.21) |

പ്രാവട്ടത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പൊതുകിണർ നവീകരിക്കുന്നതിനായി 2020-21 വർഷം 57115 പ ചെലവഴിച്ചിട്ടുണ്ട്. ടി കിണർ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്തിന്റെ ആസ്തിയാണ് എന്നതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 22/01.07.22) ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും സചിത്ര സോഫ്റ്റ് വെയറിൽ നിലവിൽ പ്രാവട്ടത്ത് കിണർ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. സോഫ്റ്റ് വെയറിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്

## 1-31 സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മലിനജലം കെട്ടിക്കിടക്കുന്നത് സംബന്ധിച്ച പരാതി നാളിതുവരെ പരിഹരിക്കപ്പെട്ടില്ല.

15-വാർഡിൽ കുര്യൻസ് ടെക്സ്റ്റയിൽസ് എന്ന സ്ഥാപനത്തിന്റെ പണി പൂർത്തീകരിക്കാത്ത കെട്ടിടത്തിന്റെ സെല്ലാർ ഭാഗത്ത് പൊതുജനാരോഗ്യത്തിന് ഹാനികരമായ വിധത്തിൽ മലിനജലം കെട്ടിക്കിടക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന് രേഖാമൂലം പരാതിക്കുകയുണ്ടാ. ലഭിച്ചതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വാർഡുമെമ്പർ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ മെഡിക്കൽ ഓഫീസർ,അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ യോഗം ചേരുകയും കേരളപഞ്ചായത്ത് രാജ് ആക്ട്പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി 22-3-21ലെ പഞ്ചായത്ത് കമ്മിറ്റി യോഗം ( അജണ്ട - 12, തീരുമാനം- 1) സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഈവിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. പ്രാദേശികപരിശോധനയിൽ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങളില്ലാത്തതായും മലിനജലം കെട്ടിക്കിടന്ന് കൊതുകുകളും മറ്റും മുട്ടയിട്ട് പെരുകി പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന സാഹചര്യം നിലനിൽക്കുന്നതായും ബോധ്യപ്പെട്ടു. . പൊതുജനാരോഗ്യസംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമാണ്. ആയതിനാൽ പരാതി പരിഹരിക്കപ്പെടുന്നതിന് നിയമാനുസൃതമുള്ള യുക്തമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടെയും സജീവ ശ്രദ്ധയും അടിയന്തിര ഇടപെടലും ഇക്കാര്യത്തിലുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-32 പക്ഷിപ്പനി -പ്രതിരോധപ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡിലെ ചോഴിയപ്പാറ ഭാഗത്ത് 04.01.2021 ൽ പക്ഷിപ്പനി സ്ഥിതീകരിച്ചിരുന്നു. തുടർന്ന് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം പോലീസ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയത് പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിലായിരുന്നു. രോഗബാധിതമായ പക്ഷികളെ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യുന്നതിനും,രോഗവ്യാപന സാധ്യത ഒഴിവാക്കുന്നതിനും ജില്ലാ ദുരന്തനിവാരണ അതോറിട്ടി, അനുബന്ധവകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ പഞ്ചായത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് ചിത ഒരുക്കൽ,ദ്രുതകർമ്മസേനയുടെ താമസഭക്ഷണച്ചെലവുകൾ, വാഹനവാടക എന്നിവയ്ക്കായി 411297/- രൂപ ചെലവായിട്ടുണ്ട്. 2020-21, 2021-22 എന്നീ വർഷങ്ങളിലാണ് ചെലവ് നടന്നിരിക്കുന്നത്. തനത്‌വരുമാനം കുറവായ പഞ്ചായത്തിന് മേൽ പ്രകാരം ചെലവായ തുക അനുവദിച്ച് തരണമെന്ന് അഭ്യർത്ഥിച്ച് 03.03.2021 ൽ ജെ സി 1-14 /2021 നമ്പർ കത്ത് സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, എന്നിവരുടെ സജീവമായ പ്രവർത്തനം ഇക്കാര്യത്തിൽ ഉണ്ടായതായി വ്യക്തമായിട്ടുണ്ട്.

## 1-33 ഡെപ്പോസിറ്റ് പ്രവൃത്തികൾ -തിരികെ ലഭ്യമാക്കിയ മിച്ചതുക പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നു.

2017-18, 2018-19 വാർഷികപദ്ധതിക്കാലയളവിൽ പ്രോജക്ട് പ്രകാരം പൈപ്പ് ലൈൻ നീട്ടലിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകകളിൽ പ്രവൃത്തികൾക്കായി ചെലവഴിച്ചതിനുശേഷം മിച്ചം തുക വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. പ്രസ്തുത തുകകൾ തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതു പ്രകാരം ആകെ 5,94,581/-രൂപ 24-5-22-ലെ ചെക്ക് നമ്പർ 198534 പ്രകാരം വാട്ടർ അതോറിറ്റി തിരികെ ലഭ്യമാക്കിയിരുന്നു. പ്രസ്തുത തുക 2-6-22 ലെ 1220200794 രസീതുപ്രകാരം 1300101 എന്ന കണക്ക് ശീർഷകത്തിൽ വരവിലെടുത്ത തുക തനതുഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നു. ഡെപ്പോസിറ്റ് തുക വികസനഫണ്ട് ആയതിനാൽ തിരികെ ലഭിച്ച മിച്ച തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതിനാൽ ബാധ്യതാകണക്കിലാണ് വരവുവയ്ക്കേണ്ടിയിരുന്നത്. അക്കൗണ്ടിംഗിലെ അപാകത പരിഹരിച്ച് തിരികെ ലഭിച്ച 5,94,581/-രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനപദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ 3-ാം ഘട്ടം 2019-20 ൽ ആരംഭിക്കുകയും 20-21വർഷം സ്പിൽ ഓവറായി തുടർന്നുപോരുകയും ചെയ്യുന്നു. ഭൂരഹിത ഭവനരഹിതരെയാണ് മൂന്നാംഘട്ടത്തിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ജനറൽ വിഭാഗത്തിൽ 48 പേരും എസ്.സി വിഭാഗത്തിൽ 6പേരും ഉൾപ്പെടെ ആകെ 54 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടായിരുന്നത്. ആയതിൽ

20-21 വർഷം വരെ 13 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം ഭൂമി വാങ്ങി നൽകിയതിന് 26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 3 പേർക്ക് സ്വന്തമായി ഭൂമി ലഭിക്കുകയും 3 പേർക്ക് എസ്.സി ഡിപ്പാർട്ട്മെന്റ് മുഖേന നീണ്ടൂർ പഞ്ചായത്തിലേക്ക് ഭൂമി വാങ്ങി നൽകിയിട്ടുള്ളവരുമാണ്. 21 പേർ നിലവിൽ ഭവനനിർമ്മാണത്തിന്റെ ഗുണഭോക്താക്കളായിട്ടുള്ളതിൽ 16പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ എസ്.സി/എസ്.റ്റി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട 10 പേർ കരാറിലേർപ്പെട്ടതിൽ 6പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

ഓഡിറ്റ് വർഷം ലൈഫ്ഭവനപദ്ധതിപ്രകാരം ജനറൽ , എസ്.സി വിഭാഗങ്ങളിലായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വിഭാഗം | പ്ലാൻഫണ്ട് | ബ്ലോക്ക് വിഹിതം | ഹഡ്കോവായ്പ | സംസ്ഥാനവിഹിതം | ആകെ |
|---|---|---|---|---|---|
| ജനറൽ | 23,92,824 | 300000 | 480000 | 300000 | 3472824 |
| എസ്.സി | 300000 | 150000 | - | - | 450000 |
| എസ്.റ്റി | 96000 | - | - | - | 96000 |

1-35 അഗതിരഹിത കേരളം പദ്ധതി- 300000/-രൂപയുടെ പദ്ധതിവിഹിതം ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു.

20-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതിവിഹിതം കൈമാറൽ (പ്രോജക്റ്റ്നം 17/21) എന്ന പ്രോജക്റ്റിന്റെ ഭാഗമായി വികസനഫണ്ട് 300000/-രൂപ ബിൽനമ്പർ 47/19-5-20 പ്രകാരം യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ സിഡിഎസിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (A/c No 677602010005700) ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതിയിലും ടി തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. അഗതിരഹിതകേരളം പദ്ധതിയിലെ ഭക്ഷണത്തിനും മരുന്നിനും മാത്രമാണ് നിലവിൽ ഇവർക്കായി ചലഞ്ച് ഫണ്ട് തുക ചെലവഴിച്ചുപോരുന്നത്. ഭവനരഹിതരായ ഗുണഭോക്താക്കൾ ലൈഫ് ഭവനപദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആശ്രയ ഗുണഭോക്താക്കൾക്ക് സിഡിഎസ് മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ കക്കൂസ്, കുടിവെള്ളം കറന്റ് കണക്ഷൻ, വീട് റിപ്പയർ തുടങ്ങിയ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് നടപടിക്രമങ്ങൾ പാലിച്ച് അനുവദിക്കാവുന്നതാണ്. ആയതിനാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ഈ വിഭാഗം ഗുണഭോക്താക്കളുടെ മേൽസൂചിപ്പിച്ചിട്ടുള്ള അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-36 കോവിഡ് ചെലവുകൾ -അവലോകനം

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ,കോട്ടയത്തിന്റെ 17-4-21ലെ ഡി.എം. 1-2717/2020/CFLTC നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്ത് ഗവ.എൽ.പി.എസിനെ കോവിഡ് ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രോഗ വ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് രോഗികൾക്ക് ചികിൽസയും പരിചരണവും ലഭ്യമാക്കുന്നതിനായും സ്കൂളിൽ പ്രാഥമിക കോവിഡ് ചികിത്സാകേന്ദ്രം സജ്ജമാക്കുകയുണ്ടായി. പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി 3-8-21മുതൽ വിവിധ ഇനങ്ങളിലായി ആകെ 2,87,380/-രൂപ തനതുഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നമ്പർ/തീയതി | ഇനം | തുക |
|---|---|---|---|
| 1 | 299/3-8-20 | ക്ലീനിംഗ് ചാർജ് | 7500 |
| 2 | 307/10-8-20 | ഡോഫിംഗ് റൂം | 20000 |
| 3 | 318/11-8-20 | റിപ്പയറിംഗ് | 9500 |
| 4 | 320/11-8-20 | ടോയ് ലറ്റ് സീറ്റ് കവർ | 2521 |
| 5 | 321/11-8-20 | ഫ്ലഷ് ടാങ്ക് | 7620 |
| 6 | 322/11-8-20 | പ്ലംബിംഗ് മെറ്റീരിയൽ | 5002 |
| 7 | CFLTC1 /11-8-20 | ബൾബ്, ട്യൂബ്, എന്നിവ വാങ്ങിയ ചെലവ് | 1800 |
| 8 | CFLTC2/25-8-20 | കട്ടിൽ,ബെഡ് തലയിണ എന്നിവ വാങ്ങിയ ചെലവ് | 162380 |
| 9 | CFLTC3 /27-8-20 | ബെഡ് ഷീറ്റ്,തലയിണകവർ എന്നിവയ്ക്കുള്ള ചെലവ് | 15206 |
| 10 | CFLTC4/27-8-20 | വയറിംഗ്,പ്ലംബിംഗ് ജോലികൾ ചെയ്തതിന്റെ കൂലി | 1500 |
| 11 | 510/2-11-20 | സ്മാർട്ട് ഫോൺ | 7900 |
| 12 | CFLTC5/5-11-20 | പായ്ക്കിംഗ് കവർ | 500 |
| 13 | CFLTC6/ ,, | ക്ലീനിംഗ് ചാർജ് | 1500 |
| 14 | CFLTC-7/5-11-20 | ഇൻഡക്ഷൻകുക്കർ,,വെസ്സൽ എന്നിവ വാങ്ങിയത് | 5240 |
| 15 | Cfltc-8/6-11-20 | സർജിക്കൽ, നോൺസർജിക്കൽ സാമഗ്രികൾ | 7691 |
| 16 | 534/16-11-20 | വേസ്റ്റ് പിറ്റ് | 4950 |
| 17 | 561/20-11-20 | സിംകാർഡ് എടുത്ത ചെലവ് | 450 |
| 18 | 624/28-12-20 | വൈദ്യുത ചാർജ് | 22870 |
| 19 | 625/30-12-20 | കട്ടിലും മറ്റ് സാധനങ്ങളും മുകളിലെ നിലയിൽനിന്നും താഴത്തെ നിലയിലേക്ക് മാറ്റിയത് | 3250 |
| | ആകെ | | 287380 |

മേൽചെലവുകൾ കൂടാതെ കോവിഡ്പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് മാസ്കുകൾ വിതരണം ചെയ്യുന്നതിലേക്ക് തനതുഫണ്ടിൽനിന്നും 120000/-രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിക്കുകയും ( പ്രോ.നം- 172/21) ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സംരംഭ ഗ്രൂപ്പായ എയ്ഞ്ചൽ ഗാർമെന്റ്സ് എന്ന സ്ഥാപനം മുഖേന 15വാർഡുകളിലേക്കുമായി ആകെ 15000/-മാസ്കുകൾ വീതം വിതരണം ചെയ്ത വകയിൽ ആകെ 120000/-രൂപ ചെലവഴിക്കുകയും ചെയ്തു.

| തുക | ബിൽനം |
|---|---|
| 70000 | 76/21-8-20 |
| 50000 | 75/21-8-20 |
| ആകെ -120000 | |

31.03.21 വരെ സി.സി.സി, സി.എഫ്.എൽ.ടി.സി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെയും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഡി.ഡി.എം.എ യിൽ നിന്ന് തിരികെ ലഭിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|
| സി.എഫ്.എൽ.ടി.സി | 287380 | 500000 | |
| സി.സി.സി | - | - | |
| മറ്റുള്ളവ | - | - | |
| പ്രോജക്ട് 341/21 | 120000 | | |
| ആകെ | 407380 | 500000 | |

ഗ്രാമപഞ്ചായത്തിൽ സി.എഫ്.എൽ.ടി.സി പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ സി.എഫ്.എൽ.ടി.സിക്കായി വാങ്ങിയ സാധനങ്ങൾ അതേസ്കൂളിലും ഗ്രാമപഞ്ചായത്ത് ഓഫീസിലുമായി സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 29.06.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിനിയോഗവിവരം.

സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് | 109840 | തരിശ്ഭൂമിയിൽ പച്ചക്കറി കൃഷി(175/21) | 109840 | 0 |
| | 455000 | ഗ്രോബാഗിൽ പച്ചക്കറി കൃഷി (174/21) | 455000 | 0 |
| | 218900 | പാലിയേറ്റീവ് കെയർ (9/21) | 218900 | 0 |
| | 150000 | ലൈഫ് മിഷൻ (എസ്.സി) 210/21 | 150000 | 0 |
| | 300000 * | ലൈഫ് ഭവനപദ്ധതി, (181/21) | 300000 | 0 |
| | 203100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ( 11/21) | 203100 | 0 |
| ആകെ | 1436840 | | 1436840 | |
| ജില്ലാ പഞ്ചായത്ത് | 405000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (11/21) | 405000 | 0 |
| ആകെ | 405000 | | 405000 | 0 |

* ടി തുക 19-20 ലെ വരവാണ്. ആയതിനാൽ 1136840 രൂപയാണ് യഥാർത്ഥത്തിലുള്ള ആകെ ബ്ളോക്ക് വിഹിതം തൻവർഷം വരവ് വന്നത് .

### 4-3 ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ, ഫണ്ടിനം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽതെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ( 166/21). ധനകാര്യകമ്മീഷൻ ഗ്രാന്റ് | 215000 | 215000 | -------- |
| കെ എസ് ഇ ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ( 208/21). തനത്ഫണ്ട് | 64998 | 64998 | -------- |
| വാട്ടർ അതോറിറ്റി | ആയിരവേലി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (147/21) ധനകാര്യകമ്മീഷൻ ഗ്രാന്റ് | 181960 | 0 | 181960 |
| കെ എസ് ഇ ബി | വാർഡ് 2ൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 17171 | 0 | 17171 |
| കെ എസ് ഇ ബി | വാർഡ് 8ൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 15890 | 0 | 15890 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻ വർഷം തിരിച്ചടച്ച തുക മുതൽ | തൻ വർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 963825 | 1320000 (വാർഷിക ധനകാര്യപത്രികയിൽ 330500201 – Secured Loan S – Loan From KURDFC ശീർഷകത്തിൽ ലൈഫ് സ്റ്റേറ്റ് ഷെയർ തുകയായ 300000 | 2283825 | 292863 | 0 | 1990962 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | രൂപ കൂടി തെറ്റായി ഉൾപ്പെടുത്തി യിരിക്കുന്നു) | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2012-13 (വിഷയാധിഷ്ഠിത അവലോകനം) | 4-1-6 | വനിതകൾക്കായി മാർക്കറ്റിൽ നിർമ്മിച്ച വ്യവസായ കേന്ദ്രം നിഷ്ക്രിയമായി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലാണ്. |
| 2014-15 | 2-4, 2-5, 2-6 | 2016-17 | അനുബന്ധം 3, 4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലാണ് |
| 2015-16 | 2-3-1, 2-3-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലാണ് |

## 4-9 ചാർജ് / സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

ചാർജ് / സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75725786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64565628 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 157420 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 6000/- | ശ്രീമതി ബീമ എം.,സെക്രട്ടറി |
| 1-21 | 17171/- | ശ്രീമതി ബീമ എം.,സെക്രട്ടറി |
| 1-21 | 15890/- | ശ്രീ.വിനോദ്കുമാർ ഇ.ജി.സെക്രട്ടറി( ഇൻ ചാർജ്) |
| 1-28 | 118359 | ശ്രീമതി പ്രിയ മേരി ഫിലിപ്പ്, അസി. എഞ്ചിനീയർ |
| ആകെ | 157420 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18 /56(2)/18/29.1.18 | 1 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18 /56(3)/18/29.1.18 | 1 |
| 2001-02(ഡിസിബി) | എൽ.എഫ്.കെ.പി4/890/07/28.02.08 /22.03.08 | |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9/അദാ18/56(5) | 4 |

| | | |
|---|---|---|
| | /18/29.1.18 | |
| 2006-07 | എൽ.എഫ്.കെ.പി9/അദാ18/56(10) /18/29.1.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി9/അദാ(18)56(11) /18/29.01.18 | 2 |
| 2008-09 | എൽ.എഫ്.കെ.പി9/(അദാ18)/56(12) /18/29.1.18 | 2 |
| 2009-10 | എൽ.എഫ്.കെ.പി10/406/15/23.11.2015 കെ.എസ്.എ-കെ.ടി.എം.പി9/അദാ18 /56(13)/18/29.1.18 | 5 |
| 2010-11 | എൽ.എഫ്.കെ.പി10/570/13/5.10.13 | 7 |
| 2012-13 | എൽ.എഫ്.കെ.പി10/985/16/27.8.2016 | 10 |
| 2013-14 | എൽ.എഫ്.കെ.പി10/1666/16/1.4.17 | 7 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.10-1667/16 /30.5.17 | 15 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.9/954 /17/19.12.17 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-9/1429 /17/1.01.2018 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-9/1734 /19/04.05.20 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/1735 /19/10.02.20 | 23 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി9/764 /21/01.01.2022 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്